## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1938** **04.12.2018-ൽ മറുപടിയ്ക്ക്**

### സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അടൂർ പ്രകാശ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാർ പുതുതായി ആരംഭിച്ച താലൂക്കുകളിൽ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | 09-02-2018-ലെ സ.ഉ.(കൈ) നമ്പർ 11/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഇരിട്ടി, നന്മണ്ട, പേരാമ്പ്ര, തൃപ്രയാർ, കാട്ടാക്കട, വെള്ളരിക്കുണ്ട് എന്നീ 6 സ്ഥലങ്ങളിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊണ്ടോട്ടി, ഫറോക്ക്, പയ്യന്നൂർ, ചടയമംഗലം, പത്തനാപുരം, കോന്നി, വർക്കല എന്നീ 7 സ്ഥലങ്ങളിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | നിലവിൽ ഏതെല്ലാം താലൂക്കുകളിൽ ആരംഭിച്ചു എന്നും ഇപ്പോൾ ഏതെല്ലാം താലൂക്കുകളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുവെന്നും വ്യക്തമാക്കാമോ; | | |
| (സി) | കോന്നി താലൂക്കിൽ സബ് ആർ.ടി. ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടിക്രമം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (സി)<br>&<br>(ഡി) | കോന്നി താലൂക്കിൽ സബ് റീജിയണൽ ട്രാൻസ് പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | പ്രസ്തുത ഓഫീസ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ